(ഡി) കെ.ടി.ഡി.സി.-യുടെ 2011-12 വരെയുള്ള കണക്കുകളാണ് ആഡിറ്റ് ചെയ്തിട്ടുള്ളത്.

വർഷം	പ്രവർത്തന ലാഭം	അറ്റാദായം (ലക്ഷത്തിൽ)
2007-08	146.49	46.37
2008-09	519.38	45.67
2009-10	471.85	26.67
2010-11	482.23	57.03
2011-12	414.83	(-)70.07

(ഇ) ഉണ്ട്. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മംഗല്യ റസ്റ്റോറന്റിന്റെ പാട്ടക്കരാർ പുതുക്കി തരാത്തതിനാലും ഡൽഹിയിലെ 'അനന്ത' യുടർച്ചയായ നഷ്ടത്തിലായതിനാലും പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. കൂടാതെ ആതിരപ്പള്ളി മോട്ടൽ ആരാം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

306 (1004) . ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നത് ഏതെല്ലാം സാമ്പത്തിക ക്രമക്കേടുകൾ നടത്തിയെന്ന പരാതിയിന്മേലാണെന്ന് വിശദമാക്കാമോ ;

(ബി) അന്വേഷണം എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly